LIBRARY ARCHIVES Kerala Legislative Assembly

തീരദേശ ബഫർ സോൺ

132 (2001) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടലിൽ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴം വരുന്ന മേഖലയെ ബഫർ സോണായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ച വിദഗ്ധസമിതി റിപ്പോർട്ട് പരിഗണിക്കുന്ന കേന്ദ്രസർക്കാരിനെ, സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കുമോ ;

(ബി) നിശ്ചിതമേഖലയിൽ പ്രവർത്തിക്കുന്ന നാലായിരത്തോളം ബോട്ടുകൾക്ക് ഇതുവഴി വിലക്കുണ്ടാകുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരുതൽമേഖലയായി പ്രഖ്യാപിക്കുകവഴി കേരളത്തിന്റെ തീരദേശങ്ങളിൽ എന്തെല്ലാം പുതിയ നിയന്ത്രണങ്ങൾ ഉണ്ടാകുമെന്നാണു കരുതുന്നത് ; വിശദാംശങ്ങൾ അറിയിക്കുമമോ ?

ഉത്തരം

(എ) ഉണ്ട്. 'കരുതൽ മേഖല' സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയില്ലെന്ന വസ്തുത ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കടലിലെ 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം ശരാശരി തീരത്തുനിന്നും 32 മുതൽ 40 വരെ നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശമാണ്. നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതലായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതലായി ചൂഷണം ചെയ്യാനുദ്ദേശിച്ചുകൊണ്ട് ഈ പ്രദേശം ഒരു ബഫർ സോണാക്കി നിലനിർത്തുന്നത് വിദേശ ട്രോളറുകൾക്ക് ഗുണകരമാകാൻ സാധ്യതയുണ്ട്. ഇപ്പോൾ തന്നെ LoP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നത് കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറഞ്ഞു വരികയാണ്.